# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2159

22.01.2014-ലെ മറുപടിക്ക്

### ശ്രീ.ആർ.ബാലകൃഷ്ണപിള്ളയുടെ ജയിൽവാസം

ചോദ്യം — ശ്രീ. എം.എ.ബേബി

മറുപടി — ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) തടവുശിക്ഷ അനുഭവിക്കവേ മുൻമന്ത്രി ശ്രീ.ആർ.ബാലകൃഷ്ണപിള്ള എത്ര ദിവസം പോലീസ് കസ്റ്റഡിയിൽ കഴിയുകയുണ്ടായി; പ്രസ്തുത വേളയിൽ എത്ര തവണ അദ്ദേഹം ഫോൺ വിളിച്ചതായി രേഖകൾ പുറത്തുവന്നു; മന്ത്രിമാർ, ഉദ്യോഗസ്ഥർ, ബന്ധുക്കൾ തുടങ്ങിയവരെ ഫോണിൽ വിളിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ; ഇത് നിയമാനുസൃതമായിരുന്നുവോ; പോലീസ് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; ഇത് ഏതെല്ലാം നിയമവ്യവസ്ഥകളുടെ ലംഘനമായിരുന്നു; | എ)യും (ബി)യും : സുപ്രീം കോടതി വിധി പ്രകാരം ശ്രീ.ആർ.ബാലകൃഷ്ണപിള്ള പോലീസ് കസ്റ്റഡിയിൽ കഴിഞ്ഞിട്ടില്ല. |
| ബി) പോലീസ് കസ്റ്റഡിയിൽ കഴിയുകയായിരുന്ന തടവുകാരനായ ബാലകൃഷ്ണപിള്ളയെ നേരിൽവന്നുകണ്ട മന്ത്രിമാരും നിയമസഭാംഗങ്ങളും ഉദ്യോഗസ്ഥരും ആരൊക്കെയായിരുന്നു; ഭാര്യയും മക്കളും എത്ര തവണ നേരിട്ടുവന്ന് കാണുകയുണ്ടായി; ഇതിന്റെ പേരിൽ എത്ര ജയിൽ ജീവനക്കാരെയും പോലീസുകാരെയും സസ്പെൻഡ് ചെയ്യുകയുണ്ടായി? | |

സെക്ഷൻ ഓഫീസർ